**മധുരമായ കുട്ടികളേ - ബാബയുടെ ശ്രീമതം നിങ്ങൾക്ക് 21 തലമുറയിലേക്ക് സുഖം നൽകുന്നു, ഇത്രയും വേറിട്ടൊരു മതം ബാബക്കല്ലാതെ വേറെയാർക്കും നൽകാൻ സാധിക്കില്ല, നിങ്ങൾ ശ്രീമതത്തിലൂടെ നടന്നുകൊണ്ടിരിക്കൂ.**

**ചോദ്യം:-** സ്വയം തനിക്കു തന്നെ രാജ്യതിലകം നൽകാനുള്ള സഹജമായ പുരുഷാർത്ഥം എന്താണ്?
**ഉത്തരം:-** 1. സ്വയം തനിക്ക് രാജ്യതിലകം നൽകുന്നതിനുവേണ്ടി ബാബയിൽനിന്ന് എന്തെല്ലാം പാഠങ്ങളാണോ ലഭിച്ചിരിക്കുന്നത് അതിലൂടെ നല്ലരീതിയിൽ നടക്കൂ. ഇതിൽ ആശീർവാദത്തിന്റെയോ കൃപയുടെയോ കാര്യമില്ല. 2. ഫോളോ ഫാദർ ചെയ്യൂ, മറ്റുള്ളവരെ നോക്കരുത്, മൻമനാഭവ, ഇതിലൂടെയാണ് താങ്കൾക്ക് രാജ്യതിലകം ലഭിക്കുന്നത്. പഠനത്തിലൂടെയും ഓർമ്മയാകുന്ന യാത്രയിലൂടെയും മാത്രമാണ് നിങ്ങൾ യാചകരിൽനിന്ന് രാജകുമാരനായി മാറുന്നത്.

**ഗീതം:-** ഓം നമഃശിവായ...

**ഓം ശാന്തി**. ബാബയും, ദാദയും ഓം ശാന്തി എന്ന് പറയുമ്പോൾ വേണമെങ്കിൽ രണ്ട് പ്രാവശ്യം പറയാം. കാരണം രണ്ടുപേരും ഒരു ശരീരത്തിലാണ്. ഒരാൾ അവ്യക്തവും, രണ്ടാമത്തെ ആൾ വ്യക്തവുമാണ്, രണ്ടുപേരും ഒരുമിച്ചാണ്. രണ്ടുപേരുടെയും ഒരുമിച്ചുള്ള ശബ്ദവുമുണ്ടാകും, വേറെ വേറെയുള്ള ശബ്ദവുമാകാം. ഇതും ഒരത്ഭുതമാണ്. ലോകത്തിൽ ആർക്കും ഇതറിയില്ല. പരമപിതാവായ പരമാത്മാവ് ഈ ശരീരത്തിലിരുന്ന് ജ്ഞാനം കേൾപ്പിക്കുകയാണ്. ഇതെവിടെയും എഴുതിവച്ചിട്ടില്ല. ബാബ കൽപം മുമ്പും പറഞ്ഞിട്ടുണ്ടായിരുന്നു. ഇപ്പോഴും പറയുന്നുണ്ട്, ഞാൻ ഈ സാധാരണ ശരീരത്തിലേക്ക് വളരെയധികം ജന്മത്തിനുശേഷം അന്തിമത്തിൽ പ്രവേശിക്കുകയാണ്, ഈ ശരീരത്തെ ആധാരമായെടുക്കുന്നു. ഗീതയിൽ ചില ചില വാക്കുകളുണ്ട്. കുറച്ചൊക്കെ യഥാർത്ഥമാണ്. ഇത് യഥാർത്ഥ ശബ്ദമാണ്- ഞാൻ ബ്രഹ്മാവിന്റെ വളരെയധികം ജന്മങ്ങളുടെ അന്തിമത്തിൽ, എപ്പോഴാണോ വാനപ്രസ്ഥ അവസ്ഥ ഉണ്ടാകുന്നത്, അപ്പോൾ പ്രവേശിക്കുന്നു. ഇദ്ദേഹത്തിനെക്കുറിച്ച് പറയുന്നത് ശരിയാണ്. ആദ്യമാദ്യം സത്യയുഗത്തിൽ ജന്മമെടുക്കുന്നതും ഈ ആത്മാവാണ്. പിന്നീട് അവസാനം വാനപ്രസ്ഥ അവസ്ഥയാകുമ്പോൾ, ബാബ ഈ ശരീരത്തിലേക്ക് പ്രവേശിക്കുന്നു. ഇദ്ദേഹത്തെക്കുറിച്ചാണ് പറയുന്നത്, സ്വയം എത്ര ജന്മങ്ങളെടുത്തു എന്നൊന്നും ഇദ്ദേഹത്തിനും അറിയുമായിരുന്നില്ല. ശാസ്ത്രങ്ങളിൽ 84 ലക്ഷം പുനർജ്ജന്മങ്ങൾ എന്നെഴുതിയിട്ടുണ്ട്. ഇതെല്ലാം ഭക്തിമാർഗ്ഗമാണ്. ഇതിനെയാണ് ഭക്തിമാർഗ്ഗമെന്ന് പറയുന്നത്. ജ്ഞാനകാണ്ഡം വേറെയാണ്, ഭക്തിമാർഗ്ഗം വേറെയാണ്. ഭക്തി ചെയ്ത് ചെയ്ത് താഴേക്കാണ് വരുന്നത്. ഈ ജ്ഞാനം ഒരു പ്രാവശ്യമാണ് ലഭിക്കുന്നത്. ബാബ ഒരു പ്രാവശ്യം സർവ്വരുടേയും സദ്ഗതി ചെയ്യാനായി വരുന്നു. ബാബ വന്ന് എല്ലാവർക്കും ഒരു പ്രാവശ്യം ഭാവിയിലേക്കായി പ്രാലബ്ധമുണ്ടാക്കുകയാണ്. നിങ്ങൾ പഠിക്കുന്നതുതന്നെ ഭാവി ലോകത്തിലേക്കുവേണ്ടിയാണ്. ബാബ വരുന്നത് പുതിയ രാജധാനിയുടെ സ്ഥാപന ചെയ്യാനാണ്. അതുകൊണ്ട് ഇതിനെ രാജയോഗമെന്ന് പറയുന്നു. ഇതിന് വളരെ മഹത്വമുണ്ട്. ഭാരതത്തിന്റെ പ്രാചീനരാജയോഗം ആരെങ്കിലും പഠിപ്പിക്കണം എന്ന് എല്ലാവരും ആഗ്രഹിക്കുന്നു, എന്നാൽ ഇന്നത്തെ കാലത്തെ സന്യാസിമാർ പുറത്തുപോയി പറയുന്നു ,ഞങ്ങൾ പ്രാചീനരാജയോഗം പഠിപ്പിക്കാൻ വന്നതാണ്. നമുക്കും പഠിക്കണമെന്ന് അവരും മനസ്സിലാക്കുന്നുണ്ട്. കാരണം യോഗത്തിലൂടെയാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ഉണ്ടാകുന്നത് എന്ന് അവരും മനസിലാക്കുന്നു. ബാബ മനസ്സിലാക്കിത്തരികയാണ് - യോഗബലത്തിലൂടെ നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുന്നു. സ്വർഗ്ഗം സ്ഥാപിക്കുന്നത് ബാബയാണ് എങ്ങനെ സ്ഥാപിക്കുന്നു, അതറിയുന്നില്ല. ഈ രാജയോഗം ആത്മീയപിതാവാണ് പഠിപ്പിക്കുന്നത്. മനുഷ്യർക്ക് പഠിപ്പിക്കാൻ സാധിക്കില്ല. ഇക്കാലത്ത് മായം ചേർക്കലും, അഴിമതിയും കൂടുതലല്ലേ. അതുകൊണ്ടാണ് ബാബ പറയുന്നത് - ഞാൻ പതിതരെ പാവനമാക്കി മാറ്റാൻ വന്നിരിക്കുകയാണ്. അപ്പോൾ പതിതമാക്കാനും ആരെങ്കിലുമുണ്ടാകും. ഇപ്പോൾ നിങ്ങൾ സ്വയം തീരുമാനിക്കൂ - തീർച്ചയായും അങ്ങനെയല്ലേ? ഞാൻ വന്ന് എല്ലാ വേദശാസ്ത്രങ്ങളുടേയും സാരം കേൾപ്പിക്കുന്നു. ജ്ഞാനത്തിലൂടെ നിങ്ങൾക്ക് 21 ജന്മത്തിലേക്ക് സുഖം ലഭിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ അൽപകാലത്തെ ക്ഷണഭംഗുരമായ സുഖമാണ്, ഇത് 21 ജന്മത്തിലേക്കുള്ള സുഖമാണ്, ഇത് ബാബയാണ് നൽകുന്നത്. ബാബ നിങ്ങൾക്ക് സദ്ഗതി നൽകുന്നതിനുവേണ്ടി എന്തു ശ്രീമതമാണോ നൽകുന്നത് അത് വളരെ വേറിട്ടതാണ്. ബാബ എല്ലാവരുടേയും ഹൃദയം കവരുന്നയാളാണ്. ജഢമായ ദിൽവാഡാ ക്ഷേത്രം, സംഗമയുഗത്തിൽ ചൈതന്യത്തിലുള്ള ദിൽവാഡാ ക്ഷേത്രമാകുന്നില്ലേ, വളരെ കൃത്യമായി നിങ്ങൾ ചെയ്യുന്നതിന്റെ ചിത്രമുണ്ടാക്കിയിട്ടുണ്ട്. ഈ സമയത്താണ് നിങ്ങളുടെ കർത്തവ്യം

നടന്നുകൊണ്ടിരിക്കുന്നത്. ഹൃദയേശ്വരനായ ബാബയെ ലഭിച്ചു – സർവ്വർക്കും സദ്ഗതി നൽകുന്നയാൾ, സർവ്വരുടേയും ദുഃഖത്തെ ഹരിച്ച് സുഖം നൽകുന്നയാൾ. എത്ര ഉയർന്നതിലും ഉയർന്ന മഹിമയാണ്. ഉയർന്നതിലും ഉയർന്നത് ഭഗവാൻ ശിവന്റെ മഹിമയാണ്. ചിത്രങ്ങളിൽ ശങ്കരന്റെയെല്ലാം മുൻപിലും ശിവന്റെ ചിത്രം കാണിച്ചിട്ടുണ്ട്. വാസ്തവത്തിൽ ദേവതകളുടെ മുന്നിൽ ശിവന്റെ ചിത്രം വെക്കുന്നത് തെറ്റാണ്. ദേവതകൾ ഭക്തി ചെയ്യുന്നില്ല. ദേവതകളോ,സന്യാസിമാരോ ഭക്തി ചെയ്യുന്നില്ല, സന്യാസിമാർ ബ്രഹ്മജ്ഞാനികളും, തത്വജ്ഞാനികളുമാണ്. എങ്ങനെയാണോ ഈ ആകാശതത്വമുള്ളത്, അതുപോലെ ബ്രഹ്മവും തത്വമാണ്. അവർ ബാബയെ ഓർമ്മിക്കുന്നില്ല, അവർക്ക് ഈ മഹാമന്ത്രവും ലഭിക്കുന്നില്ല. ഈ മഹാമന്ത്രം ബാബയാണ് വന്ന് സംഗമയുഗത്തിൽ നൽകുന്നത്. സദ്ഗതിദാതാവായ ബാബ സർവ്വർക്കും മൻമനാഭവ മന്ത്രം നൽകുന്നു. ബാബ പറയുന്നു – കുട്ടികളേ, ദേഹസഹിതം ദേഹത്തിന്റെ എല്ലാ ധർമ്മത്തേയും ത്യജിച്ച്, സ്വയം അശരീരിയാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. എത്ര സഹജമായ കാര്യമാണ് മനസ്സിലാക്കിത്തരുന്നത്. രാവണരാജ്യം കാരണം നിങ്ങളെല്ലാവരും ദേഹാഭിമാനികളായി മാറിയിരിക്കുന്നു. ഇപ്പോൾ ബാബ നിങ്ങളെ ആത്മാഭിമാനികളാക്കി മാറ്റുകയാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. എങ്കിൽ ആത്മാവിൽ എന്തെല്ലാം കറകളാണോ പിടിച്ചിരിക്കുന്നത് അവയെല്ലാം ഇല്ലാതാകും. സതോപ്രധാനതയിൽനിന്നും, സതോ ആയി മാറുന്നതിലൂടെയും കലകൾ കുറയുന്നില്ലേ. സ്വർണ്ണത്തിനും ക്യാരറ്റുണ്ടാകുമല്ലോ. ഇപ്പോൾ കലിയുഗത്തിന്റെ അവസാനത്തിൽ സ്വർണ്ണം കാണാൻ പോലും കിട്ടുന്നില്ല, സത്യയുഗത്തിൽ സ്വർണ്ണത്തിന്റെ കൊട്ടാരങ്ങളുണ്ടാകും. രാത്രിയും പകലും തമ്മിലുള്ള വ്യത്യാസം!... സത്യയുഗത്തിന്റെ പേരുതന്നെ സ്വർണ്ണിമയുഗമെന്നാണ്. സത്യയുഗത്തിൽ ഇഷ്ടിക, കല്ല് ഇവകൊണ്ടൊന്നും പ്രയോജനമില്ല. കെട്ടിടമുണ്ടാക്കുമ്പോൾ അതിൽ സ്വർണ്ണവും, വെള്ളിയുമല്ലാതെ വേറൊരു അഴുക്കുവസ്തുവും ഉണ്ടാകില്ല. അവിടെ സയൻസിലൂടെ വളരെ സുഖമുണ്ടാകും. ഇതും ഡ്രാമയിലുണ്ടാക്കപ്പെട്ടതാണ്. ഈ സമയത്ത് സയൻസിന്റെ ഗർവ്വാണ്. സത്യയുഗത്തിൽ ഗർവ്വെന്ന് പറയാൻ കഴിയില്ല. അവിടെ സയൻസിലൂടെ നിങ്ങൾക്ക് സുഖമാണ് ലഭിക്കുന്നത്. ഇവിടെ അൽപകാലത്തിലേക്കുള്ള സുഖവും പിന്നീട് ഇതിലൂടെത്തന്നെ വളരെ കടുത്ത ദുഃഖവും ലഭിക്കുകയാണ്. ബോംബുകളെല്ലാം വിനാശത്തിനുവേണ്ടി ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. മറ്റുള്ളവരോട് ബോംബുണ്ടാക്കേണ്ട എന്നു പറയും. എന്നിട്ട് സ്വയം തന്നെ ഉണ്ടാക്കിക്കൊണ്ടിരിക്കും. ഈ ബോംബിലൂടെ നമ്മുടെയെല്ലാം മരണമാണ് ഉണ്ടാകുന്നത് എന്നറിയാം. എന്നിട്ടും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ബുദ്ധി നശിച്ചിരിക്കുകയല്ലേ. ഇതെല്ലാം ഡ്രാമയിൽ അടങ്ങിയതാണ്. ഉണ്ടാക്കാതിരിക്കാൻ സാധിക്കുന്നില്ല. മനുഷ്യർക്കറിയാം ഈ ബോംബുകളിലൂടെ നമ്മുടെതന്നെ മരണമാണ് ഉണ്ടാകുന്നത്. എന്നാൽ അറിയുന്നില്ല ആരോ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്, ഞങ്ങൾക്ക് ഉണ്ടാക്കാതിരിക്കാൻ കഴിയുന്നില്ല. തീർച്ചയായും ഉണ്ടാക്കിയേ പറ്റൂ. വിനാശവും ഡ്രാമയിൽ അടങ്ങിയതാണ്. ആര് എത്ര ശാന്തിയുടെ ഉപഹാരം സമ്മാനിച്ചാലും ശാന്തി സ്ഥാപിക്കുന്നത് ഒരു ബാബയാണ്. ശാന്തിയുടെ സാഗരനായ ബാബയാണ് ശാന്തി, സുഖം, പവിത്രത ഇവയുടെ സമ്പത്ത് നൽകുന്നത്. സത്യയുഗത്തിൽ പരിധിയില്ലാത്ത സമൃദ്ധിയാണ്. അവിടെ പാലിന്റെ നദികളൊഴുകും. വിഷ്ണുവിനെ ക്ഷീരസാഗരത്തിൽ കാണിച്ചിരിക്കുന്നു. ഇതെല്ലാം താരതമ്യമാണ്. സത്യയുഗം ക്ഷീരസാഗരം, ഇവിടെ ഇത് വിഷയസാഗരം. ഭക്തിമാർഗ്ഗത്തിൽ കുളങ്ങളെല്ലാമുണ്ടാക്കി അതിൽ കല്ലുകളെല്ലാം നിറച്ച് വിഷ്ണുവിനെ ഉറക്കുന്നു. ഭക്തിക്കായി നിങ്ങൾ സമയവും, പണവും ചിലവഴിക്കുന്നുണ്ടല്ലോ. ദേവിമാരുടെ മൂർത്തികളെല്ലാം എത്ര പൈസ ചിലവാക്കിയാണ് ഉണ്ടാക്കുന്നത്. പിന്നീട് സമുദ്രത്തിൽ കൊണ്ടുപോയി താഴ്ത്തുമ്പോൾ പൈസ പാഴാകുന്നു. ഇതാണ് പാവകളുടെ പൂജ. ആരുടേയും കർത്തവ്യം ആരും അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ ആരുടെ ക്ഷേത്രത്തിലേക്ക് പോകുമ്പോഴും നിങ്ങൾക്ക് ഓരോരുത്തരുടേയും കർത്തവ്യം അറിയാം. എവിടേക്കും പോകേണ്ട എന്നു പറഞ്ഞ് കുട്ടികളെ ബാബ തടയുന്നില്ല. ആദ്യം ബുദ്ധിശൂന്യരായി പോയിട്ടുണ്ടായിരുന്നു, ഇപ്പോൾ വിവേകത്തോടെ പോകുന്നു. നിങ്ങൾ പറയും, ഞങ്ങൾക്ക് ഇവരുടെ 84 ജന്മത്തെക്കുറിച്ചറിയാം. ഭാരതവാസികൾക്ക് കൃഷ്ണന്റെ ജന്മത്തെക്കുറിച്ചുപോലും അറിയുന്നില്ല. നിങ്ങളുടെ ബുദ്ധിയിൽ ഈ മുഴുവൻ ജ്ഞാനവുമുണ്ട്. ജ്ഞാനം സമ്പാദ്യത്തിന്റെ സ്രോതസ്സാണ്. വേദശാസ്ത്രങ്ങളിലൊന്നും ലക്ഷ്യമില്ല. സ്കൂളിൽ എപ്പോഴും ലക്ഷ്യമുണ്ടായിരിക്കും. ഈ പഠിപ്പിലൂടെ നിങ്ങൾ വളരെ ധനികരായി മാറുന്നു.

ജ്ഞാനത്തിലൂടെ സദ്ഗതി ഉണ്ടാകുന്നു. ഈ ജ്ഞാനത്തിലൂടെ നിങ്ങൾ സമ്പന്നരായി മാറുന്നു. നിങ്ങൾ ആരുടെ ക്ഷേത്രത്തിലേക്ക് പോയാലും പെട്ടെന്ന് മനസ്സിലാക്കും – ഇത് ആരുടെ ഓർമ്മചിഹ്നമാണ്! എങ്ങനെയാണോ ദിൽവാഡാ ക്ഷേത്രം –അവിടെ ജഢവും, ഇവിടെ ചൈതന്യവുമായത്, എങ്ങനെയാണോ ഇവിടെ വൃക്ഷത്തിൽ കാണിച്ചിരിക്കുന്നത്, അതേപോലെ അവിടെ ക്ഷേത്രത്തിലും കാണിച്ചിരിക്കുന്നു. താഴെ തപസ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്, മുകളിൽ മേൽക്കൂരയിൽ മുഴുവൻ സ്വർഗ്ഗവും. വളരെ

പൈസ ചിലവിട്ടിട്ടാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇവിടെ ചിലവൊന്നുമില്ല. ഭാരതം 100 ശതമാനവും സമ്പന്നമായിരുന്നു, പാവനമായിരുന്നു, ഇപ്പോൾ ഭാരതം 100 ശതമാനം ദരിദ്രവും, പതിതവുമാണ്. കാരണം ഇവിടെയെല്ലാവരും വികാരത്തിലൂടെ ജനിച്ചവരാണ്. സത്യയുഗത്തിൽ അഴുക്കിന്റെ കാര്യം തന്നെ ഉണ്ടാകുന്നില്ല. ഗരുഡപുരാണത്തിൽ ഭയാനകമായ കാര്യങ്ങൾ എഴുതിവച്ചിരിക്കുന്നത് മനുഷ്യർ പരിവർത്തനപ്പെടാനാണ്. എന്നാൽ ഡ്രാമയിൽ മനുഷ്യർ അങ്ങിനെയൊന്നും പരിവർത്തനപ്പെടുന്നില്ല. ഇപ്പോൾ ഈശ്വരീയസ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ഈശ്വരൻ തന്നെയാണ് സ്ഥാപന ചെയ്യുന്നത്. ഈശ്വരനെത്തന്നെയാണ് സ്വർഗ്ഗത്തെ സ്ഥാപിക്കുന്ന പിതാവെന്ന് പറയുന്നത്. ബാബ മനസ്സിലാക്കിത്തരികയാണ് യോദ്ധാക്കൾ യുദ്ധം ചെയ്യുന്നു. അവരെല്ലാം ചെയ്യുന്നത് രാജാവിനും, റാണിക്കും വേണ്ടിയാണ്. ഇവിടെ നിങ്ങൾ മായയുടെമേൽ വിജയം നേടുന്നത് തനിക്കുവേണ്ടിയാണ്. എത്രത്തോളം ചെയ്യുന്നുവോ അത്രത്തോളം നേടും. നിങ്ങളോരോരുത്തർക്കും തന്റെ ശരീരം, മനസ്സ്, ധനം ഇവയെ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നതിനായി ചെലവ് ചെയ്യേണ്ടിവരുന്നു. എത്രത്തോളം ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി നേടും. ഇവിടെ ഒന്നും അവശേഷിക്കില്ല. ഈ സമയത്തെക്കറിച്ചുള്ള പാട്ടാണ് - ചിലരുടേത് മണ്ണിനടിയിൽ പോകും... ഇപ്പോൾ ബാബ വന്നുകഴിഞ്ഞു, നിങ്ങൾക്ക് രാജ്യഭാഗ്യം നൽകാൻ. ബാബ പറയുന്നു ഇപ്പോൾ ശരീരം മനസ്സ് ധനം എല്ലാം ഈ കാര്യത്തിൽ ഉപയോഗിക്കൂ. ബ്രഹ്മാബാബ എല്ലാം തന്നെ അർപ്പിച്ചില്ലേ. ഇതിനെയാണ് പറയുന്നത് മഹാദാനം. വിനാശിയായ ധനത്തെ ദാനം ചെയ്യുന്നതുപോലെ അവിനാശിയായ ധനത്തേയും ദാനം ചെയ്യണം, എത്രത്തോളം സാധിക്കുമോ അത്രത്തോളം ദാനം ചെയ്യൂ. പ്രശസ്തരായ ദാനികളെക്കുറിച്ച് പറയും ഇവർ വളരെ വിശാലമനസ്സുള്ള ദാനശീലരായിരുന്നു. അവർ നേരിട്ടല്ലാതെ ഈശ്വരാർത്ഥം ചെയ്യുന്നവരാണ്. രാജ്യം സ്ഥാപിക്കുന്നില്ല. ഇപ്പോൾ രാജ്യത്തിന്റെ സ്ഥാപന ഉണ്ടാകുന്നു. അതുകൊണ്ട് മുഴുവനും ദാന ശീലരായി മാറണം. ഭക്തിമാർഗ്ഗത്തിൽ പാടിയിട്ടുണ്ടായിരുന്നില്ലേ ഞങ്ങൾ അർപ്പണമാകും... ഇതിൽ ചിലവിന്റെയൊന്നും കാര്യമില്ല. ഗവൺമെന്റിനുപോലും എത്ര ചിലവാണ് ഉണ്ടാകുന്നത്. ഇവിടെ നിങ്ങൾ എന്തു ചെയ്യുന്നതും തനിക്കുവേണ്ടിയാണ്, വേണമെങ്കിൽ അഷ്ടരത്നങ്ങളുടെ മാലയിലേക്കും വരാം വേണമെങ്കിൽ 108 ലേക്കും വരാം, വേണമെങ്കിൽ 16108 ലേക്കും വരാം. പദവിയോടെ പാസ്സാകണം. കർമ്മാതീതാവസ്ഥ നേടി ശിക്ഷകളൊന്നും അനുഭവിക്കേണ്ടിവരരുത് , അത്രക്ക് യോഗബലം സമ്പാദിക്കൂ.

നിങ്ങളെല്ലാവരും യോദ്ധാക്കളാണ്. നിങ്ങളുടെ യുദ്ധം രാവണനുമായിട്ടാണ്, മനുഷ്യരുമായിട്ടല്ല. തോറ്റുപോയതുകാരണം രണ്ട് കല കുറഞ്ഞു. ത്രേതായുഗത്തെ രണ്ട് കല കുറഞ്ഞ സ്വർഗ്ഗമെന്ന് പറയും. പുരുഷാർത്ഥം ചെയ്യണമല്ലോ - ബാബയെ പൂർണ്ണമായും ഫോളോ ചെയ്യണം. അതിന് മനസ്സിലൂടെയും, ബുദ്ധിയിലൂടെയും സമർപ്പണമാകണം. ബാബാ ഇതെല്ലാം താങ്കളുടേതാണ്. ബാബ പറയും ഇതെല്ലാം സർവ്വീസിൽ ഉപയോഗിക്കൂ. ഞാനെന്താണോ നിങ്ങൾക്ക് നിർദ്ദേശം നൽകുന്നത് ആ കാര്യം ചെയ്യൂ. സർവ്വകലാശാല തുറക്കൂ, സെന്ററുകൾ തുറക്കൂ, വളരെയധികം പേരുടെ നന്മയുണ്ടാകും. കേവലം ഈ സന്ദേശം കൊടുക്കണം ബാബയെ ഓർമ്മിക്കൂ.. സമ്പത്തെടുക്കൂ. ദൂതന്മാരെന്നും, സന്ദേശികളെന്നും നിങ്ങൾ കുട്ടികളെയാണ് പറയുന്നത്. എല്ലാവർക്കും ഈ സന്ദേശം കൊടുക്കൂ ബാബ ബ്രഹ്മാവിലൂടെ പറയുകയാണ് എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും, ജീവന്മുക്തി ലഭിക്കും. ഇപ്പോൾ ജീവൻബന്ധനത്തിലുള്ളവർക്ക് പിന്നീട് ജീവന്മുക്തി ലഭിക്കും. ബാബ പറയുന്നു ഞാൻ ഭാരതത്തിലേക്കാണ് വരുന്നത്. ഈ ഡ്രാമ അനാദിയായി ഉണ്ടാക്കപ്പെട്ടതാണ്. എപ്പോഴുണ്ടാക്കി, എപ്പോൾ പൂർത്തിയാകും? ഈ ചോദ്യത്തിന് പ്രസക്തിയില്ല. ഈ ഡ്രാമ അനാദിയായി നടന്നുകൊണ്ടിരിക്കുകയാണ്. ആത്മാവ് എത്ര ചെറിയ ബിന്ദുവാണ്. അതിൽ അവിനാശിയായ പാർട്ട് അടങ്ങിയിട്ടുണ്ട്. എത്ര ഗുഹ്യമായ കാര്യമാണ്. നക്ഷത്രം പോലെ ചെറിയ ബിന്ദുവാണ്. മാതാക്കളും ഇവിടെ മസ്തകത്തിൽ പൊട്ടുവെക്കുന്നുണ്ടല്ലോ. ഇപ്പോൾ നിങ്ങൾ കുട്ടികൾ പുരുഷാർത്ഥത്തിലൂടെ തനിക്കുതന്നെ രാജതിലകം കൊടുത്തുകൊണ്ടിരിക്കുന്നു. നിങ്ങൾ ബാബയുടെ പഠിപ്പിലൂടെ നല്ല രീതിയിൽ നടക്കുമ്പോൾ നിങ്ങൾ സ്വയം തനിക്കുതന്നെ രാജതിലകം നൽകുന്നു. ഇവിടെ ആശീർവ്വാദത്തിന്റേയോ കൃപയുടേയോ കാര്യമില്ല. നിങ്ങൾ സ്വയം രാജതിലകം നൽകൂ. വാസ്തവത്തിൽ ഇതാണ് രാജതിലകം. ഫോളോ ഫാദർ ചെയ്യാനുള്ള പുരുഷാർത്ഥം ചെയ്യണം. മറ്റുള്ളവരെ നോക്കരുത്. ഇതാണ് മൻമനാഭവ, ഇതിലൂടെ തനിക്ക് തിലകം ലഭിക്കുന്നു, ബാബ നൽകുന്നില്ല. ഇതാണ് രാജയോഗം. നിങ്ങൾ യാചകനിൽനിന്ന് രാജാവായി മാറുന്നു. എത്ര നല്ല പുരുഷാർത്ഥം ചെയ്യണം. ബ്രഹ്മാവിനെ ഫോളോ ചെയ്യണം. ഇത് മനസ്സിലാക്കേണ്ട കാര്യമല്ലേ. പഠിപ്പിലൂടെ സമ്പാദ്യമുണ്ടാകുന്നു. എത്രത്തോളം യോഗമുണ്ടോ അത്രത്തോളം ധാരണയുണ്ടാകും. യോഗത്തിനാണ് പരിശ്രമം. അതുകൊണ്ട് ഭാരതത്തിന്റെ രാജയോഗത്തിന് മഹിമയുണ്ട്. ബാക്കി ഗംഗാസ്നാനം ചെയ്തു ചെയ്ത് ആയുസ്സു മുഴുവൻ പൂർത്തിയായാലും പാവനമായി മാറില്ല. ഭക്തിമാർഗ്ഗത്തിൽ ഈശ്വരാർത്ഥം ദരിദ്രന്മാർക്ക് ദാനം കൊടുക്കാറുണ്ട്. ഇവിടെ സ്വയം ഈശ്വരൻ വന്ന്

പാവങ്ങൾക്ക് വിശ്വത്തിന്റെ ചക്രവർത്തിപദവി നൽകുന്നു. പാവങ്ങളുടെ നാഥനല്ലേ. ഭാരതം 100 ശതമാനം സമ്പന്നമായിരുന്നു, അതേ ഭാരതം ഈ സമയം 100 ശതമാനം ദരിദ്രമായി. ദാനം എല്ലായ്പ്പോഴും ദരിദ്രന്മാർക്കാണ് കൊടുക്കുക. ബാബ എത്ര ഉയർന്നതാക്കി മാറ്റുകയാണ്. ഇങ്ങനെയുള്ള ബാബയെത്തന്നെ നിന്ദിക്കുന്നു. ബാബ പറയുന്നു- എപ്പോഴാണോ എന്നെ ഇങ്ങനെ ഗ്ലാനി ചെയ്യുന്നത് അപ്പോൾ എനിക്ക് വരേണ്ടിവരുന്നു. ഇതും ഡ്രാമയിൽ ഉണ്ടാക്കപ്പെട്ടതാണ്. അച്ഛനുമാണ്, ടീച്ചറുമാണ്. സിക്കുകാർ പറയാറുണ്ട് - സദ്ഗുരു അകാലനാണ്. ഭക്തി മാർഗ്ഗത്തിൽ ധാരാളം ഗുരുക്കന്മാരാണ്. അകാലനായ ബാബക്ക് ഈ സിംഹാസനമാണ് ലഭിക്കുന്നത്. നിങ്ങൾ കുട്ടികളുടെ സിംഹാസനവും ഉപയോഗിക്കുന്നു. പറയുകയാണ് ഞാൻ ഇദ്ദേഹത്തിലേക്ക് പ്രവേശിച്ച് എല്ലാവരുടേയും മംഗളം ചെയ്യുന്നു. ഇത് നല്ലപോലെ മനസ്സിലാക്കേണ്ട കാര്യമാണ്. പുതിയവർക്ക് മനസ്സിലാക്കാൻ കഴിയില്ല. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും,പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യ സാരം:-

1) അവിനാശിയായ ജ്ഞാനധനത്തെ ദാനം ചെയ്ത് മഹാദാനിയായി മാറണം. എങ്ങനെയാണോ ബ്രഹ്മാബാബ തന്റെ എല്ലാം ഈ കാര്യത്തിൽ സമർപ്പിച്ചത്, അതേപോലെ ഫോളോ ഫാദർ ചെയ്ത് രാജ്യത്തിൽ ഉയർന്ന പദവി നേടണം.

2) ശിക്ഷകളിൽ നിന്നും രക്ഷ നേടുന്നതിനുവേണ്ടി ഇത്രയും യോഗ ബലം സമ്പാദിക്കണം, കർമ്മാതീതാവസ്ഥ നേടണം. പദവിയോടെ പാസ്സാകാൻ പൂർണ്ണമായും പുരുഷാർത്ഥം ചെയ്യണം. മറ്റുള്ളവരെ നോക്കരുത്.

## വരദാനം- ബ്രഹ്മാബാബയെപ്പോലെ കടുത്ത നിയമങ്ങളിലൂടെയും, ദൃഢസങ്കൽപത്തിലൂടെയും അശ്രദ്ധയെ സമാപ്തമാക്കുന്ന അക്ഷീണനായി ഭവിക്കട്ടെ.

ബ്രഹ്മാബാബയെപ്പോലെ അക്ഷീണനായി മാറുന്നതിനായി അശ്രദ്ധയെ സമാപ്തമാക്കൂ. ഇതിനായി ഏതെങ്കിലും കടുത്ത നിയമങ്ങൾ ഉണ്ടാക്കൂ. അറ്റൻഷനാകുന്ന (ശ്രദ്ധ)കാവൽക്കാരൻ സദാ അലർട്ടായി, ജാഗരൂകനായി നിൽക്കുകയാണെങ്കിൽ അശ്രദ്ധ സമാപ്തമാകും. ഇതിനായി ദൃഢസങ്കൽപം വെക്കൂ.ആദ്യം അവനവനുവേണ്ടിയും, പിന്നീട് സേവനങ്ങൾക്കായും പരിശ്രമിക്കൂ.അപ്പോൾ ഭൂമിയിൽ പരിവർത്തനമുണ്ടാകും.ചെയ്യാം..,ആയിത്തീരും... എന്നിങ്ങനെയുള്ള അലസമായ സങ്കൽപങ്ങളുടെ ഡൺലപ് മെത്തയിൽ ഇരിക്കുന്നത് അവസാനിപ്പിക്കൂ. ചെയ്യുകതന്നെ വേണം എന്ന സ്ളോഗൻ ഓർമ്മിച്ചാൽ പരിവർത്തനമുണ്ടാകും.

## സ്ലോഗൻ:- ആത്മീയഭാവവും,ശുഭഭാവനയും സമർത്ഥമായ സംഭാഷണത്തിന്റെ അടയാളങ്ങളാണ്.

**തന്റെ ശക്തിശാലിയായ മനസ്സിലൂടെ സകാശ് നൽകുന്ന സേവനം ചെയ്യൂ.**
സമയം സമീപത്തേക്ക് വരുന്തോറുംവ്യർത്ഥസങ്കൽപങ്ങളും വളരെയധികം വർദ്ധിക്കും.എന്നാലിത് കർമ്മക്കണക്കുകൾ തീർപ്പാക്കാനായി പുറമേക്ക് വരികയാണ് എന്ന് മനസ്സിലാക്കണം.വ്യർത്ഥസങ്കൽപങ്ങളുടെ ജോലിയാണ് വരുക,താങ്കളുടെ ജോലിയാണ് പറക്കുന്ന കലയിലൂടെയും,സകാശ് നൽകുന്നതിലൂടെയും പരിവർത്തനം ചെയ്യുക. പരിഭ്രമിക്കരുത്,അവയുടെ വലയത്തിനകത്തേക്ക് പോകുകയുമരുത്.